## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4564** **20.10.2011-ൽ മറുപടിയ്ക്ക്**

### വിവരാവകാശ കമ്മീഷന്റെ ഘടന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. സി. മമ്മൂട്ടി**<br>**ശ്രീ. എൻ.എ. നെല്ലിക്കുന്ന്**<br>**ശ്രീ. പി. ഉബൈദുള്ള**<br>**ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി** | | **ശ്രീ. ഉമ്മൻചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) | വിവരാവകാശ നിയമം നടപ്പാക്കുന്ന സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഘടനയും അതിന്റെ പ്രവർത്തനവും വിശദമാക്കുമോ ; | (എ) | വിവരാവകാശ നിയമം, 2005-ലെ സെഷൻ 15 (1) അനുസരിച്ചാണ് സംസ്ഥാന വിവരാവകാശ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. വിവരാവകാശ കമ്മീഷനിൽ മുഖ്യ വിവരാവകാശ കമ്മീഷണർ ഉൾപ്പെടെ 5 അംഗങ്ങളാണ് നിലവിലുള്ളത്. എല്ലാ കമ്മീഷണർമാരും വിവരാവകാശ നിയമം സെഷൻ 18 (1) അനുസരിച്ച് പരാതികളും സെഷൻ 19 പ്രകാരം അപ്പീലുകളും കേൾക്കുകയും ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു. |
| (ബി) | കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ഇതുവരെ പ്രതിവർഷം ചെലവഴിച്ച തുക എത്രയെന്നും, നിലവിലെ കമ്മീഷണർമാരുടെ പ്രതിമാസ ശമ്പളം, അലവൻസുകൾ എന്നിവ എത്രയെന്നുമുള്ള വിശദ വിവരവും നൽകാമോ ; | (ബി) | കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ഇതുവരെ പ്രതിവർഷം ചെലവഴിച്ച തുക<br><br>2005-2006 101.27 ലക്ഷം<br>2006-2007 107.72 ലക്ഷം<br>2007-2008 126.51 ലക്ഷം<br>2008-2009 150.25 ലക്ഷം<br>2009-2010 205.61 ലക്ഷം<br>2010-2011 265.44 ലക്ഷം<br><br>(. . . . 2) |

| | | | |
|---|---|---|---|
| | | | മുഖ്യവിവരാവകാശ കമ്മീഷണറുടെ ശമ്പളം<br><br>അടിസ്ഥാന ശമ്പളം - 90,000<br>ഡി.എ - 45,900<br>എച്ച്.ആർ.എ - 27,000<br>സംചുറി അലവൻസ് - 15,000<br><br>കമ്മീഷണർമാരുടെ ശമ്പളം<br><br>അടിസ്ഥാന ശമ്പളം - 80,000<br>ഡി.എ - 40,800<br>എച്ച്.ആർ.എ - 16,000 |
| (സി) | നിയമം അനുശാസിക്കുന്ന വിധത്തിലുള്ള വിവരങ്ങളോ രേഖകളോ നൽകാത്ത എത്ര രണ്ടാം അപ്പീൽ പെറ്റീഷനുകളിന്മേൽ പരാതിക്കാർക്കനുകൂലമായ തീർപ്പുകൾ ഉണ്ടായിട്ടുണ്ട് ; എത്ര കേസുകളിൽ എത്ര തുക വീതം പിഴ ചുമത്താൻ തീരുമാനിച്ചിട്ടുണ്ട് ; എന്തു തുക പ്രസ്തുത ഇനത്തിൽ ഈടാക്കിയിട്ടുണ്ട് ? | | രണ്ടാം അപ്പീൽ പെറ്റീഷനുകളിന്മേൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളെ പരാതിക്കാർക്കനുകൂലമായി തീർപ്പാക്കിയിട്ടുള്ളതെന്നും പരാതിക്കാർക്ക് പ്രതികൂലമായി തീർപ്പാക്കിയിട്ടുള്ളതെന്നും വേർതിരിച്ച് കണക്ക് സൂക്ഷിച്ചിട്ടില്ല. വിവരാവകാശ നിയമം വകുപ്പ് 20 (1) പ്രകാരം 210 കേസുകളിൽ 241 ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ട്. ഈ കേസുകളിന്മേൽ 24,41,750 രൂപ ശിക്ഷ വിധിച്ചിട്ടുള്ളതും 11,71,838 രൂപ ഇതിനോടകം ഖജനാവിൽ അടച്ചിട്ടുള്ളതുമാണ്.<br><br>സെക്ഷൻ ഓഫീസർ |